**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1576** **05-07-2022 - ൽ മറുപടിയ്ക്ക്**

**കാർഷിക രംഗത്ത് വിദ്യാർത്ഥികൾക്കും യുവാക്കൾക്കും പ്രോത്സാഹനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക രംഗത്തേക്ക് വിദ്യാർത്ഥികളെയും യുവാക്കളെയും എത്തിക്കുന്നതിനായി കാമ്പസുകൾ കേന്ദ്രീകരിച്ച് കൃഷി നൈപുണ്യ പരിശീലനം ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്ന് വിശദമാക്കുമോ? | (എ) | വിദ്യാർത്ഥികളിൽ കൃഷി സംസ്കാരവും അഭിരുചിയും പ്രോത്സാഹിപ്പിക്കുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ "സ്ഥാപന അടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി" എന്ന ഘടകത്തിൽ ഉൾപ്പെടുത്തി സ്കൂൾ വളപ്പിൽ പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് ധനസഹായം നൽകി വരുന്നു. കൃഷി വിദഗ്ദരുടെയും, അദ്ധ്യാപകരുടെയും മേൽനോട്ടത്തിൽ ഇത്തരത്തിൽ പച്ചക്കറി കൃഷി നടപ്പിലാക്കുന്നതിലൂടെ ഒരു കാർഷിക സംസ്കാരം വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുവാനും അതുവഴി തങ്ങളുടെ വീട്ടു വളപ്പുകളിലും പച്ചക്കറി കൃഷി ചെയ്യുന്നതിനും അതിലൂടെ കൃഷിയിലേക്ക് വിദ്യാർത്ഥികളെയും യുവാക്കളെയും ആകർഷിക്കുവാനും സാധ്യമാകുന്നു.<br><br>മികച്ച രീതിയിൽ പച്ചക്കറി കൃഷി ചെയ്യുന്ന വിദ്യാർത്ഥികളെ തിരഞ്ഞെടുത്ത് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും മികച്ച വിദ്യാർത്ഥിക്കുള്ള അവാർഡ് നൽകി പ്രോത്സാഹിപ്പിക്കുന്നു. കൂടാതെ മികച്ച വിദ്യാലയം, പ്രധാന അദ്ധ്യാപകൻ എന്നിവർക്ക് അവാർഡ് നൽകി വരുന്നു.<br><br>കൂടാതെ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ (KAICO) ജില്ലാ ആഫീസുകൾ കേന്ദ്രീകരിച്ചും പുനലൂരിൽ പ്രവർത്തിക്കുന്ന അഗ്രോ ഇൻഡസ്ട്രിയൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ (എ.ഐ.ടി.ഐ) കാർഷിക യന്ത്രങ്ങളുടെ പ്രവർത്തനത്തിലും മെയിന്റനൻസിലും പരിശീലനത്തിന് ആവശ്യമായ സംവിധാനം നിലവിൽ ഉണ്ട്. ഇതിനു പുറമേ വിവിധ ഏജൻസികൾ/വകുപ്പുകൾ ആവശ്യപ്പെടുന്ന പ്രകാരം കാർഷിക യന്ത്രങ്ങളുടെ മെയിന്റനൻസിലും പരിശീലനത്തിലും നിർദ്ദേശാനുസരണമുള്ള |

പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള സംവിധാനം കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് നിലവിലുണ്ട്.

പുനലൂരിൽ പ്രവർത്തിക്കുന്ന അഗ്രോ ഇൻഡസ്ട്രിയൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ കാർഷിക യന്ത്രങ്ങളുടെ പ്രവർത്തി പരിചയത്തിനായുള്ള 2 വർഷം നീണ്ടു നിൽക്കുന്ന "ഓപ്പറേഷൻ & മെയിന്റനൻസ് ഓഫ് അഗ്രിക്കൾച്ചർ മെഷിനറീസ് National Council of Vocational Training (NCVT) കോഴ്സുകളായ ട്രാക്ടർ മെക്കാനിക്/മെക്കാനിക് അഗ്രിക്കൾച്ചർ മെഷീനറി എന്നിവയ്ക്ക് തത്തുല്യം) എന്നിവയും നടത്തിവരുന്നു. ഇതിനു പുറമെ ആവശ്യാധിഷ്ഠിതമായി ഒരു ദിവസം/രണ്ട് ദിവസം കാലയളവുള്ള കോഴ്സുകൾ (Chain saw, Earth Augur, Brush cutter, Garden Tiller, Power Tiller, തെങ്ങുകയറ്റം, സസ്യകീട രോഗ സംരക്ഷണം) അഗ്രോ ഇൻഡസ്ട്രിയൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തിവരുന്നു.

കൂടാതെ പട്ടികജാതി വികസന വകുപ്പിന് കീഴിൽ, ഈ വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് കൊയ്ത്ത്മെതി യന്ത്രങ്ങളും, Earth moving machineries -ഉം പ്രവർത്തിപ്പിക്കുന്നതിൽ പരിശീലനം നൽകുന്ന JCB & Hitachi Operators and Harvest Machine Operators എന്ന കോഴ്സിലൂടെ ലൈസൻസും എടുത്തു നൽകി വരുന്നു.

ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലെ ASAP കേരള മുഖേന കോവിഡ് മഹാമാരിക്ക് മുൻപ് തന്നെ (2020 വരെ) കാർഷിക മേഖലയുമായി ബന്ധപ്പെട്ട നൈപുണ്യ പരിശീലനം നൽകി വന്നിരുന്നു. സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഓർഗാനിക്ക് ഗ്രോവർ, മൈക്രോ ഇറിഗേഷൻ ടെക്നീഷ്യൻ, ഗ്രീൻ ഹൗസ് ഫിറ്റർ, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഫ്ലോറികൾച്ചറിസ്റ്റ് ഓപ്പൺകൾട്ടിവേഷൻ, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഫ്ലോറികൾച്ചറിസ്റ്റ് പ്രൊട്ടക്ടഡ് കൾട്ടിവേഷൻ, ബൾക് മിൽക് കൂളർ ഓപ്പറേറ്റർ എന്നീ കോഴ്സുകളിൽ ഹയർസെക്കണ്ടറി വിദ്യാർത്ഥികൾക്കും കോളേജ് വിദ്യാർത്ഥികൾക്കുമായാണ് പരിശീലനം നൽകിയത്.

നിലവിൽ ASAP കേരള, അങ്കമാലിയിലെ ഫെഡറൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജിയുടെ (FISAT) സഹായത്തോടെ ഹൈഡ്രോപോണിക്സ് വിഷയത്തിലും കോഴ്സ് നടത്തുവാൻ ഉദ്ദേശിക്കുന്നു.

| | | | |
|---|---|---|---|
| | | | കാർഷിക രംഗത്തുള്ള കൂടുതൽ പദ്ധതികൾക്ക് ട്രെയിനിങ് നൽകുന്നതിന് കൃഷി വകുപ്പ് പ്രവർത്തന സജ്ജമാണ്. |

സെക്ഷൻ ഓഫീസർ